**I ഇ.ബി. XII-കേരള നിയമസഭ /V-15**

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂലായ് 13, വെള്ളി

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**മി. സ്പീക്കർ**: സംസ്ഥാനത്തെ ചില ജില്ലകളിലുണ്ടായിട്ടുള്ള പകർച്ചപ്പനി സംബന്ധിച്ച് റൂൾ 50 അനുസരിച്ച് ശ്രീ. കെ. ശിവദാസൻ നായർ ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയം നിരവധി പ്രാവശ്യം അടിയന്തിര പ്രമേയമായും റൂൾ 130 അനുസരിച്ചും സബ്മിഷനായും സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ആദ്യത്തെ സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

**പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി)**: ഈ സഭയിൽ ഇതേ വിഷയം പല പ്രാവശ്യം ചർച്ച ചെയ്തു എന്നു പറയുന്നത് ശരിയാണ്. എന്നാൽ കഴിഞ്ഞ രണ്ട് മാസക്കാലമായി കേരളം പകർച്ചപ്പനിയുടെ പിടിയിലമർന്നിരിക്കുകയാണ്. പനി ബാധിച്ച് മരിച്ചവരുടെ എണ്ണവും, ഒരിക്കൽ പനി ബാധിച്ചവർക്ക് രണ്ടാമതും മൂന്നാമതും പനി ബാധിക്കുന്നതും ജനങ്ങളിലാകെ സംഭ്രാന്തി പരത്തിയിരിക്കുകയാണ്. സഭയിൽ റൂൾ 130

അനുസരിച്ചും അല്ലാതെയും ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെയും അതിന്റെ റിസൾട്ട് പുറത്തേയ്ക്കു വന്നിട്ടില്ല. ചിക്കുൻഗുനിയ ബാധിച്ച് മരിച്ചവരുടെ കുടുംബത്തിന് 25,000 രൂപ വീതം ധനസഹായം നൽകുമെന്നു മിനിഞ്ഞാന്നാണ് ഗവൺമെന്റ് തീരുമാനമെടുത്തത്. എന്നാൽ ചിക്കുൻഗുനിയ ബാധിച്ച് കേരളത്തിൽ ആരും ഇതുവരെ മരിച്ചിട്ടില്ല എന്നാണ് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട്. ഈ റിപ്പോർട്ടനുസരിച്ച് ധനസഹായത്തിന് കേരളത്തിൽ ആരും അർഹരല്ല. കോട്ടയം ജില്ലയിൽ പനി ബാധിച്ച് 19 പേരും ആലപ്പുഴ ജില്ലയിൽ 16 പേരും പത്തനംതിട്ട ജില്ലയിൽ 37 പേരും ഇതിനോടകം മരണമടഞ്ഞു. എന്നാൽ ചിക്കുൻഗുനിയ ബാധിച്ച് ഈ സ്ഥലങ്ങളിൽ ആരും മരണമടഞ്ഞതായി റിപ്പോർട്ടില്ല എന്നാണ് ഗവൺമെന്റ് പറയുന്നത്. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ പനി ബാധിച്ചവർക്ക് രണ്ടാഴ്ചത്തെ സൗജന്യറേഷൻ അനുവദിച്ചിട്ട് ഇതുവരെയും വിതരണം ചെയ്തിട്ടില്ല. മഴ പെയ്താൽ ഈ അസുഖം മാറിക്കൊള്ളുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന തികച്ചും നിരാശാജനകമാണ്. പകർച്ചപ്പനി നേരിടുന്നതിലെ ഗവൺമെന്റിന്റെ അനാസ്ഥയിൽ പ്രതിഷേധിച്ച് പത്തനംതിട്ട ജില്ലയിൽ ഇന്ന് ഹർത്താൽ ആചരിക്കുകയാണ്. ഗവൺമെന്റിന്റെ അനാസ്ഥയും അനങ്ങാപ്പാറനയവും കേരളത്തിലെ മുഴുവൻ ജനങ്ങളെയും ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരപ്രമേയമായി ഈ വിഷയം ചർച്ച ചെയ്യുന്നതിനുള്ള അവസരം ഉണ്ടാകണം.

**മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ)**: അടിയന്തിര പ്രമേയത്തിന് പ്രസക്തിയില്ലെന്നും സബ്മിഷനായി അനുവദിക്കാമെന്നും ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് വകവയ്ക്കാതെ പ്രസ്തുത വിഷയം സംബന്ധിച്ച്

പ്രതിപക്ഷനേതാവ് ഇവിടെ പ്രസംഗം നടത്തിക്കഴിഞ്ഞു, ഇനി സബ്മിഷനുമേലുള്ള പ്രസംഗം വേറെ നടത്തുകയാണ് ഉദ്ദേശം. സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാനുള്ള ചെയറിന്റെ പരിശ്രമത്തെ തടസ്സപ്പെടുത്താനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം ദൗർഭാഗ്യകരമാണ്

അടിയന്തിരപ്രമേയം അവതരിപ്പിക്കാനുള്ള അവസരം നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സീറ്റ് വിട്ട് സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യങ്ങൾ മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.

സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയാത്ത സാഹചര്യത്തിൽ കാര്യവിവരപ്പട്ടികയിലെ മറ്റ് ഇനങ്ങളിലേയ്ക്ക് കടക്കാതെ ഇന്നത്തേയ്ക്ക് സഭ പിരിയുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിച്ചു.

സഭ രാവിലെ 9.40-ന് പിരിഞ്ഞു.

*****************